# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1740** 01.11.2019 -ലെ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ രംഗത്തെ ബാഹ്യ ഇടപെടലുകൾ

*ചോദ്യം* *ഉത്തരം*

ശ്രീ. വി.ഡി.സതീശൻ
ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. അൻവർ സാദത്ത്

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | ഉന്നതവിദ്യാഭ്യാസ രംഗത്ത് ഭരണപരവും അക്കാദമികവുമായ കാര്യങ്ങൾക്ക് നേതൃത്വം നൽകേണ്ട സർവ്വകലാശാല കളിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം ചെയ്ത് അവരെ വിജയിപ്പിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം അദാലത്ത് മുഖേന എം. ജി. സർവ്വകലാശാലയിൽ ബി-ടെക് പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥി കൾക്ക് മാർക്ക് ദാനം നടത്തി വിജയിപ്പിച്ച സംഭവം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള മൂല്യശോഷണത്തെ സൂചിപ്പിക്കുന്നുവെന്ന വസ്തുത പരിശോധിക്കുമോ; | (ബി) | മോഡറേഷൻ നല്കുന്നതിന് അദാലത്തിൽ തീരുമാനമെടുത്തിട്ടില്ല. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി യിലേക്ക് ബി.ടെക്. കോഴ്സുകൾ പൂർണ്ണ മായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെ യ്യുന്ന സാഹചര്യത്തിലും, നേരിയ മാർക്കിന്റെ കുറവുകൊ ണ്ട് ബി.ടെക് പഠനം പൂർത്തീ കരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാ തിരിക്കുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി വിദ്യാർഥികൾ ചുരുങ്ങുന്ന സാഹചര്യം പരിഗ ണിച്ച് 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററു കളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജ യിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നില വിൽ നൽകിയിരിക്കുന്ന മോഡറേ ഷനോടുകൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്ന തിന് നയപരമായ തീരുമാനം എടുത്തിരുന്നു. സിൻഡിക്കേറ്റ് ഉത്തമ വിശ്വാസത്തോടുകൂടി ബി.ടെക് വിദ്യാർത്ഥികളുടെ വൈഷമ്യങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ഒരു പരിഹാരമെന്ന നിലയിൽ എടുത്ത തീരുമാനത്തെ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടുള്ള പ്രചരണങ്ങൾ ഉണ്ടായപ്പോൾ പ്രസ്തുത തീരുമാനം റദ്ദ് ചെയ്യുകയുണ്ടായി. |
| (സി) | പരീക്ഷാ അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നത് ഉൾപ്പെടെ സർവ്വകലാശാലയിൽ നിക്ഷിപ്തമായ ഭരണകാര്യങ്ങളിൽ മന്ത്രിയുടെ ഓഫീസ് ചട്ടവിരുദ്ധമായി ഇടപ്പെടുന്നവെന്ന ആക്ഷേപം ഗൗരവമായി പരിഗണിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | മന്ത്രിയുടെ ഓഫീസ് ചട്ടവിരുദ്ധമായി ഇടപെട്ടിട്ടില്ല. |
| (ഡി) | പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് റിസൽട്ട് പ്രസിദ്ധീകരിച്ച ശേഷം മാർക്ക് കൂട്ടി കൊടുക്കുവാൻ മന്ത്രിക്കോ, വൈസ് ചാൻസലർക്കോ, സിൻഡിക്കേറ്റിനോ, അദാലത്തിനോ അധികാരമില്ലെന്ന വസ്തുത പരിശോധിക്കുമോ; പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യതയെ തന്നെ തകർത്ത പ്രസ്തുത നടപടിയെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (ഡി) | നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി ചുരുങ്ങുന്ന വിദ്യാർത്ഥികളുടെ വൈഷ്യമ്യങ്ങൾക്ക് പരിഹാരം കാണുക എന്ന ഉത്തമ താല്പര്യവും മുൻനിർത്തി 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23 (15) അനുസരിച്ച് പരീക്ഷ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ച അന്തിമ തീരുമാനം എടുക്കാനുള്ള അധികാരം ഉപയോഗിച്ച് മോഡറേഷൻ നൽകുന്നതിന് തീരുമാനമെടുക്കുകയാണ് ഉണ്ടായത്. |

സെക്ഷൻ ഓഫീസർ.